പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.T. 2368

05.02.2018 ൽ മറുപടിക്ക്

**അനധികൃത ക്വാറികളുടെ നിയന്ത്രണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.മുരളീധരൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനധികൃത ക്വാറികളും ക്രഷറുകളും നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനധികൃത ക്വാറികളും ക്രഷറുകളും കണ്ടെത്തി നിയമ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശമനുസരിച്ച് ടി ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ച് അനധികൃത പ്രവർത്തനങ്ങൾ നിർത്തി വയ്പിച്ചുവരുന്നുണ്ട്. 02.12.2016 ന് മുമ്പ് കേരളത്തിൽ 2500 ഓളം ക്വാറികൾ പ്രവർത്തിച്ചിരുന്നു. നിലവിൽ 600 ൽ താഴെ ക്വാറികൾ മാത്രമേ കേരളത്തിൽ പ്രവർത്തിക്കുന്നുള്ളൂ. |
| (ബി) | മൈനിംഗ് & ജിയോളജി വകുപ്പിന്റെ കാര്യക്ഷമതക്കുറവും പരിസ്ഥിതി, റവന്യൂ, ആഭ്യന്തരം, എന്നീ വകുപ്പുകളുടെ ഏകോപനമില്ലായ്മയും അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതിന് ഇടയാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ബി) | ഇല്ല. അനധികൃത ഖനന പ്രവർത്തനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും ഖനന പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നതിനും പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് കാര്യക്ഷമമായി തന്നെ മൈനിംഗ് & ജിയോളജി വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. അനധികൃത ഖനനവും കടത്തും തടയുന്നതിന് റവന്യൂ, പോലീസ് ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി, റവന്യൂ, ആഭ്യന്തരം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സ്ക്വാഡും ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. |

Manjith

**സെക്ഷൻ ഓഫീസർ**